# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **6089** — 07.07.2014 ലെ മറുപടിക്ക്

### അനധികൃത കെട്ടിടനിർമ്മാണത്തിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ശിവദാസൻ നായർ :<br>ശ്രീ.പി.എ.മാധവൻ :<br>ശ്രീ.റ്റി.എൻ.പ്രതാപൻ :<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) അനധികൃത കെട്ടിടനിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് തദ്ദേശസ്വയംഭരണവകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;<br><br>(ബി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) അനധികൃത നിർമ്മാണത്തിന്റെ വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ), (ബി) & (സി) ഉണ്ട്. സർക്കാരിന്റെ 13.07.2006, 07.08.2006, 24.07.2010,19.05.2014 എന്നീ തീയതികളിലെ സർക്കുലറുകൾ മുഖേന അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ജില്ലാതല വിജിലൻസ് സ്ക്വാഡ് നിലവിലുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ അനധികൃത നിർമ്മാണം നേരിട്ട് പരിശോധിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)ന്റെ നേതൃത്വത്തിൽ വിജിലൻസ് സെൽ വിപുലീകരിച്ചിട്ടുണ്ട്. പ്രസ്തുത സെൽ സംസ്ഥാനത്തെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി അവയ്ക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു. അനധികൃത നിർമ്മാണങ്ങളെ കുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റുകളിലും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപന ത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നതിന് 19.05.2014 ലെ 29342/RA1/14/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് എന്തെല്ലാം വിവരങ്ങളും രജിസ്റ്ററുകളുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) അനധികൃത നിർമ്മാണം നടത്തിയ വ്യക്തിയുടെ മേൽവിലാസം, സ്ഥലത്തിന്റെ സർവ്വേ നമ്പർ, കെട്ടിടത്തിന്റെ ഉപയോഗവും വിസ്തീർണ്ണവും, നിലകളുടെ എണ്ണം, പെർമിറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ നമ്പർ, ചട്ടലംഘനത്തെ കുറിച്ചുള്ള വിവരം, നോട്ടീസ് നല്കിയ തീയതി, പ്രൊവിഷണൽ ഓർഡർ നല്കിയ തീയതി, കൺഫർമേഷൻ ഓർഡർ നല്കിയ തീയതി, തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ രേഖപ്പെ ടുത്തി സൂക്ഷിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ